# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4501 | 21/03/2018-ൽ മറുപടിക്ക്

**കണ്ണൂർ ജില്ലയിൽ നടപ്പിലാക്കിയ ആയുർ ദീപ്തം പദ്ധതി**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.കെ.എൻ.എ ഖാദർ** | | **ശ്രീമതി . കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി) |
| എ) | കണ്ണൂർ ജില്ലയിൽ നടപ്പിലാക്കിയ ആയുർ ദീപ്തം പദ്ധതിയുടെ വിശദാംശങ്ങൾ നൽകുമോ; | എ) | കണ്ണൂർ ജില്ലാ പഞ്ചായത്തിന്റെയും MCC യുടെയും നേതൃത്വത്തിൽ കണ്ണൂർ ജില്ലയിൽ ഉടനീളം കാൻസർ നിയന്ത്രണ ക്ലിനിക്കുകൾ സ്ഥാപിക്കുക എന്ന ഉദ്ദേശത്തോടെ രൂപീകരിച്ച പദ്ധതിയാണ് ആയുർ ദീപ്തം. ജനങ്ങൾക്ക് ഉപകാരപ്രദമാകുന്ന ഈ പദ്ധതി ജില്ലയിലെ വിവിധ പഞ്ചായത്തുകളുടെ നേതൃത്വത്തിൽ മലബാർ ക്യാൻസർ സെന്റർ നടപ്പിലാക്കി വരുന്നു. ആയുർ ദീപ്തം പദ്ധതി പ്രകാരം കണ്ണൂർ ജില്ലയിലെ കുറ്റ്യാട്ടൂർ, കണ്ണപുരം, കീഴല്ലൂർ എന്നിവിടങ്ങളിലെ പി.എച്ച്.സികളിൽ പ്രാരംഭ ഘട്ടത്തിലെ ചില കാൻസറുകൾ കണ്ടു പിടിക്കുന്നതിനുള്ള ഏർളി കാൻസർ ഡിറ്റക്ഷൻ ക്ലിനിക്കുകൾ തുടങ്ങുവാനുള്ള പരിശീലനം എം.സി.സിയിൽ നടന്നു വരുന്നു. ഈ പദ്ധതി ഒരു പൈലറ്റ് പ്രോഗ്രാമായാണ് നടത്തി വരുന്നത്. |
| ബി) | ആയുർദീപ്തം പദ്ധതി വിജയകരമാണോ എന്ന് വിലയിരുത്തിയിട്ടുണ്ടോയെന്നറിയിക്കാമോ; | ബി) | പദ്ധതി പ്രാരംഭഘട്ടത്തിലായതിനാൽ വിജയ സാധ്യതയെ കുറിച്ച് കൂടുതൽ പി.എച്ച്.സികളിൽ പദ്ധതി ആരംഭിച്ചതിനു ശേഷം മാത്രമേ വിലയിരുത്താനാവൂ. |
| സി) | ഈ പദ്ധതി സംസ്ഥാനത്തുടനീളം നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ? | സി) | കണ്ണൂരിൽ നടപ്പിലാക്കുന്ന പൈലറ്റ് പ്രോഗ്രാം വിലയിരുത്തിയശേഷം മാത്രമേ പദ്ധതി വ്യാപിപ്പിക്കുന്ന കാര്യം പരിശോധിക്കാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ